**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം. **540**

**24/10/2011 ൽ മറുപടിയ്ക്ക്**

**ആയുർവേദ ഡിസ്പെൻസറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ജോസഫ് വാഴക്കൻ | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ആയുർവേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഇവ ആരംഭിക്കുന്നതിന് നടപടി എടുക്കുമോ; | (ബി) | പഞ്ചായത്തുകളിൽ നിന്ന് കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളും ലഭ്യമാക്കി ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നിലവിൽ ആയുർവേദ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ 21 എണ്ണം തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. |
| (സി) | തീർത്ഥാടന കേന്ദ്രങ്ങളിൽ ഉത്സവകാലങ്ങളിൽ താൽക്കാലിക ഡിസ്പെൻസറികൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് സന്നിധാനം, പമ്പ, എരുമേലി എന്നിവിടങ്ങളിലും ആറ്റുകാൽ, ശിവഗിരി, അരുവിപ്പുറം, ബീമാപള്ളി, കുരിശുമല എന്നിവിടങ്ങളിലും നിലവിൽ താത്ക്കാലിക ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ 2011 - 12 സാമ്പത്തിക വർഷം വയനാട് ജില്ലയിലെ 'വള്ളിയൂർക്കാവ്', പത്തനംതിട്ട ജില്ലയിലെ മാരാമൺ എന്നീ സ്ഥലങ്ങളിലും താത്ക്കാലിക ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സംസ്ഥാനത്ത് ആയുർവേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തുന്നതിന് താഴെപ്പറയുന്ന സംസ്ഥാന പദ്ധതികൾ പ്രകാരം തുക വകകൊള്ളിച്ച് നടപടി സ്വീകരിച്ചുവരുന്നു.

| | | (In Lakh) |
|---|---|---|
| 1. | Strengthening and improvement of Ayurveda Rural Dispensaries | Rs.100.00 |
| 2. | Upgradation and standardization of District Taluk Hospitals | Rs.300.00 |
| 3. | Ayurveda Mental Hospital Kottakkal | Rs.30.00 |
| 4. | Research Cell of ISM Sports Medicine in selected District Sports Council | Rs.40.00 |
| 5. | Control of Communicable disease and Natural calamities | Rs.30.00 |
| 6. | Propagation of Ayurveda | Rs.15.00 |
| 7. | Constructions work | Rs.200.00 |

കേന്ദ്ര ധനസഹായത്താൽ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം ഫണ്ട് അനുവദിച്ച് നടപടി സ്വീകരിച്ചു വരുന്നു.

| | | |
|---|---|---|
| 1. | Upgradation of Ayurveda Hospital Non-recurring | Rs.1000.00 |
| 2. | Supply of Essential Drugs to 1082 Ayush Dispensaries | Rs.541.00 |
| 3. | Development of Hospital recurring | Rs.544.76 |
| 4. | Development of Dispensary recurring assistance | Rs.16.20 |

നോൺ പ്ലാൻ പ്രകാരം ഔഷധങ്ങൾക്കായി [illegible] കോടി 15 ലക്ഷം രൂപയുടെ ഫണ്ട് ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ